LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട കേസുകൾ

141 [966] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
„ തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള മിക്ക കേസുകളിലും കോടതി പ്രതികളെ നിരുപാധികം വിട്ടയയ്ക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് 551 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) മായം ചേർക്കൽ നിരോധന നിയമ പ്രകാരം ഈ കാലയളവിൽ ഫയൽ ചെയ്ത കേസുകളിൽ 223 എണ്ണം ശിക്ഷിക്കപ്പെടുകയും 132 കേസുകൾ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. വെറുതെ വിട്ട കേസുകൾ പരിശോധിച്ച് അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രോസിക്യൂഷനിലെ പിഴവുകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(സി) വെറുതെ വിടുന്ന കേസുകളുടെ രേഖകൾ പരിശോധിച്ച് പ്രോസിക്യൂഷനിലെ പിഴവുകൾ കണ്ടെത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

## ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ പരിശോധന

142 [967] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ എഴുകോൺ നാരായണൻ:
„ ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും വിഷവും കലർത്തിയിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

† അനുബന്ധം XIV.

(ബി) എങ്കിൽ ഏത് ഏജൻസിയാണ് പരിശോധന നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഭക്ഷ്യപദാർത്ഥങ്ങളിൽ ഏതെല്ലാം വിഷ വസ്തുക്കളാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തി നടപടിയെടുക്കുന്നതിന് അവയുടെ ഓരോ കൺസൈൻമെന്റും പരിശോധനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതിനുവേണ്ടി മായം ചേർക്കൽ പരിശോധനാ വിഭാഗം ശക്തിപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ യദൃശ്ചയാ ശേഖരിച്ച് അവയിൽ മായവും വിഷവും കലർത്തിയിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ട്.

(ബി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കുംപ്രകാരം നിയമിക്കപ്പെട്ട "നോട്ടിഫൈഡ് ഫുഡ് ഇൻസ്പെക്ടർമാർ" ആണ് ആഹാരസാധനങ്ങളുടെ സാമ്പിളുകൾ നിയമാനുസരണം ശേഖരിക്കുന്നത്. ടി സാമ്പിളുകൾ സംസ്ഥാനത്തെ മൂന്ന് അനലറ്റിക്കൽ ലബോറട്ടറികളിലാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധിച്ച ആഹാര സാധനങ്ങളിൽ വെളിച്ചെണ്ണയുടെ 2 സാമ്പിളുകൾ 'പാരഫിനും' മുളകുപൊടിയുടെ 34 സാമ്പിളുകളിൽ 'സുഡാൻ' എന്ന കൃത്രിമ നിറവും, ചിപ്സിന്റെ 5 സാമ്പിളുകളിൽ 'ടാർട്ടാസിൻ' എന്ന കൃത്രിമ നിറവും, പഴങ്ങളുടെയും പച്ചക്കറികളുടെയും 6 സാമ്പിളുകളിൽ 'കാർബോഫ്യൂറാൻ' 'ബി.എച്ച്.സി.', 'ക്ലോർഫൈറിഫോസ്', 'മാലത്തിയോൺ' എന്നീ കീടനാശിനികളും കലർത്തിയിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി.

(ഡി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ഉൽപ്പാദന, സംഭരണ, വിതരണ, വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും പരമാവധി സാമ്പിളുകൾ ശേഖരിക്കുവാൻ എല്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ കൺസൈമെന്റും പരിശോധനക്ക് വിധേയമാക്കുവാൻ സാങ്കേതികവും സാമ്പത്തികവുമായ വൈഷമ്യം ഉണ്ട്.

(ഇ) മായം ചേർക്കൽ പരിശോധന വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനായി അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം XIV

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 142 (966) ദയവായി കാണുക]

മായം ചേർത്തതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | വർഷം 2001-02 | വർഷം 2002-03 | വർഷം 2003-04 |
|---|---|---|---|
| തിരുവനന്തപുരം | 22 | 10 | 5 |
| കൊല്ലം | 6 | 8 | 15 |
| പത്തനംതിട്ട | 8 | 11 | 13 |
| ആലപ്പുഴ | 8 | 7 | 13 |
| ഇടുക്കി | 1 | 7 | 3 |
| കോട്ടയം | 13 | 11 | 28 |
| എറണാകുളം | 6 | 9 | 14 |
| തൃശ്ശൂർ | 15 | 17 | 29 |
| പാലക്കാട് | 8 | 7 | 7 |
| മലപ്പുറം | 14 | 6 | 4 |
| കോഴിക്കോട് | 15 | 36 | 27 |
| വയനാട് | 10 | 20 | 13 |
| കണ്ണൂർ | 17 | 44 | 38 |
| കാസർഗോഡ് | 3 | .. | 3 |

## അനുബന്ധം XV

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 149 (793) ദയവായി കാണുക]

No. U5/63075/2000
Police Headquarters,
Kerala, Thiruvananthapuram,
Date: 25-8-2000.

CIRCULAR 9/2000

*Sub.*—Regulations of Processions and Demonstrations—Instructions—Reg.

*Ref.*—1. Judgment in OP Nos. 3040 of 1998 J, 12343 of 1991 T and 7827 of 1994 F of Hon'ble High Court of Kerala.

2. Judgment in Civil Appeal Nos. 1424 to 1426 of 1999 of the Hon'ble Supreme Court of India.

Vide reference 1st cited above the Hon'ble High Court of Kerala have issued certain restrictions on the conduct of processions and demonstrations in public places. It was directed that the organisers of the processions or demonstrations shall give advance notice to the Highest Police Officer of the District at least 6 days before the procession or demonstration intended to be held. Vide reference 2nd cited the Hon'ble



LIBRARY ARCHIVES Kerala Legislative Assembly